LIBRARY ARCHIVES Kerala Legislative Assembly

യുടെ ഏകദേശം 25% ജോലി നിർവ്വഹിച്ചു കഴിഞ്ഞു. പ്രധാന കെട്ടിടത്തിന്റെ പൈലിംഗ് പൂർത്തിയായി. രണ്ട് ടവറുകളിൽ ഒരു ടവറിന്റെ രണ്ടാമത്തെ നിലയുടെ സ്ലാബിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കരാറുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പ്രസ്തുത നിർമ്മാണത്തിന്റെ മൊത്തം എസ്റ്റിമേറ്റ് തുക താഴെ വിവരിക്കുന്നു.

1. സിവിൽ വർക്സ്- 36 കോടി രൂപ

2. ഇലക്ട്രിക്കലും, അനുബന്ധ പണികളും-7.21 കോടി രൂപ.
ആകെ -43.21 കോടി രൂപ.

പ്രസ്തുത നിർമ്മാണം പൂർത്തിയാകുമ്പോൾ 52 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കെ. ടി. ഡി. എഫ്. സി. യുടെ നിർമ്മാണ ചെലവ് കഴിഞ്ഞു ലഭിക്കുന്ന വരുമാനത്തിന്റെ 50 ശതമാനം വരുന്ന തുക കെ. എസ്. ആർ. ടി. സി.ക്ക് അപ്പപ്പോൾ ലഭിക്കുന്നതാണ്.

(ഇ) ഡെപ്പോസിറ്റ് ഇനത്തിൽ ലഭിക്കുന്ന തുക നിർമ്മാണ പ്രവർത്തനത്തിന് ചെലവായ തുകയിൽ കുറച്ച്, ശേഷിക്കുന്ന തുകയ്ക്ക് മാത്രം കെ.ടി.ഡി.എഫ്.സി. കടമെടുത്ത് ബി.ഒ.ടി. കാലാവധി പരമാവധി കുറയ്ക്കും. അതിനാൽ കടകളുടെ ഡെപ്പോസിറ്റ് ഇനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് വരുമാനമൊന്നും ലഭിക്കുകയില്ല.

കോഴിക്കോട്-കവണക്കല്ല്-വാഴക്കാട് റൂട്ടിൽ പുതിയ ബസ് സർവ്വീസുകൾ

162 (5382) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോഴിക്കോട്-കവണക്കല്ല്-വാഴക്കാട് റൂട്ടിൽ പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ മലപ്പുറം, നിലമ്പൂർ ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും ഏതെല്ലാം സമയങ്ങളിലാണ് പ്രസ്തുത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അനുമതി നല്കിയത് ; എന്നാണ് ഇതിന് അനുമതി നൽകിയിട്ടുള്ളത് ;

(സി) ഈ സർവ്വീസ് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം ;

(ഡി) ഈ സർവ്വീസുകൾക്ക് അനുമതി നൽകിയതിനുശേഷം മലപ്പുറം ഡിപ്പോയിൽ നിന്നോ, നിലമ്പൂർ ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നോ പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) അനുമതി നൽകിയ സർവ്വീസ്സുകൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് - കവണക്കല്ല് - വാഴക്കാട് റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്നതിലേയ്ക്കായി 6 സർവ്വീസുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) നിലമ്പൂർ ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും ആരംഭിക്കുന്നതിനാണ് 31-12-2009-ൽ അനുമതി നൽകിയത്. ഷെഡ്യൂൾ വിവരം ചുവടെ ചേർക്കുന്നു:

1. 16.00 മണി നിലമ്പൂർ-കരുളായി-കോഴിക്കോട് മരുത (അരീക്കോട്-മെഡിക്കൽ കോളേജ് വഴി) ;
2. 15.00 മണി നിലമ്പൂർ - കോടാലി പൊയിൽ-കോഴിക്കോട് (അരീക്കോട്- മെഡിക്കൽ കോളേജ് വഴി) ;
3. 6.00 നിലമ്പൂർ- തേൾപ്പാറ-കോഴിക്കോട് (അരീക്കോട്-മെഡിക്കൽ കോളേജ് വഴി) ;
4. 15.30 മണി നിലമ്പൂർ- മരുത- കോഴിക്കോട് (അരീക്കോട്-മെഡിക്കൽ കോളേജ് വഴി) ;
5. 15.40 മണി നിലമ്പൂർ- മരുത-കോഴിക്കോട് (മാമങ്കര-നരിവാലമുണ്ട -അരീക്കോട്-മെഡിക്കൽ കോളേജ് വഴി) ;
6. 16.00 മണി നിലമ്പൂർ- മുണ്ടേരി-കോഴിക്കോട് (അരീക്കോട് - മെഡിക്കൽ കോളേജി വഴി).

(സി) ബസ്സിന്റേയും ജീവനക്കാരുടെയും കുറവ് കാരണമാണ് ടി സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയാതിരിക്കുന്നത്.

(ഡി) മലപ്പുറം യൂണിറ്റിൽ നിന്നും ഈ വർഷം നാല് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. മലപ്പുറം-പുറത്തൂർ-2 സർവ്വീസ്, മലപ്പുറം-വെട്ടം-ചീർപ്പ്-1 സർവ്വീസ്, മലപ്പുറം- കൂട്ടായി-അഴിമുഖം-1 സർവ്വീസ് എന്നിവയാണ് അവ. എന്നാൽ മലപ്പുറത്തുനിന്നും കോഴിക്കോട്-കവണക്കല്ല്-വാഴക്കാട് റൂട്ടിലേയ്ക്ക് സർവ്വീസ് ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടില്ല. 5-5-2009-ൽ അനുവാദം നൽകിയ നിലമ്പൂർ-ഇരിട്ടി സർവ്വീസ് മാത്രമാണ് നിലമ്പൂരിൽ നിന്നും ഈ വർഷം ആരംഭിച്ചത്. കവണക്കല്ല്-വാഴക്കാട് സർവ്വീസിന് 31-12-2009-ൽ ആണ് അനുവാദം നൽകിയിട്ടുള്ളത്.

(ഇ) ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് അനുമതി നൽകിയ ടി സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly